**യൂണിവേഴ്സിറ്റി ലൈവ് സ്റ്റോക്ക് ഫാം ആന്റ് ഫോഡർ റിസർച്ച് ആന്റ് ഡവലപ്പ്മെന്റ് സ്കീം**
കേരള വെറ്ററിനറി & അനിമൽ സയൻസസ് യൂണിവേഴ്സിറ്റി
മണ്ണുത്തി, മണ്ണുത്തി പി.ഒ., തൃശ്ശൂർ, കേരള, ഇൻഡ്യ -680 651
ഫോൺ : 0487-2370302 ഇമെയിൽ: ulfmty@kvasu.ac

മണ്ണുത്തി : തീയതി, 09.07.2024

നമ്പർ: യു.എൽ.എഫ്./എം.റ്റി.വൈ/ജി/1019/2024

## പുനർ ടെണ്ടർ/ലേലം നോട്ടീസ്

വെറ്ററിനറി സർവ്വകലാശാല മണ്ണുത്തി കാമ്പസിലെ RADL ലാബിന്റെ നിർമ്മാണ സ്ഥലത്ത് നിന്നിരുന്ന താഴെ പറയുന്ന മരങ്ങളുടെ തടികൾ വിൽപ്പന നടത്തുന്നതിന് കരാറുകാരിൽ നിന്നും മുദ്രവച്ച കവറുകളിൽ ടെൻഡറുകൾ ക്ഷണിക്കുന്നു.

| ക്രമ.നം | മരത്തിന്റെ പേര് | നമ്പർ |
|---|---|---|
| 1 | കവുങ്ങ് | |
| 2 | കവുങ്ങ് | |
| 3 | മാവ് | 1793 |
| 4 | പ്ലാവ് | 1786 |
| 5 | പ്ലാവ് | 1787 |
| 6 | മാവ് | 1780 |
| 7 | പ്ലാവ് | 1779 |
| 8 | ഉങ്ങ് | |
| 9 | ആനപ്പന | 1751 |
| 10 | പന | |
| 11 | പന | |
| 12 | പന | |
| 13 | പന | |
| 14 | പന | |
| 15 | പന | |

ടെൻഡർ സ്വീകരിക്കുന്ന അവസാന തീയ്യതി 18.07.2024 പകൽ 11.00 മണി വരെയായിരിക്കും. അന്നേ ദിവസം പകൽ 11.30 ന് അപ്പോൾ ഹാജരാകുന്നവരുടെ സാന്നിധ്യത്തിൽ സർവ്വകലാശാല നിശ്ചയിക്കുന്ന നിരക്കിൽ നിന്നും പരസ്യ ലേലം ആരംഭിക്കുന്നതാണ്. ലേലത്തിന് ശേഷം ടെൻഡർ തുറന്ന് പരിശോധിക്കുന്നതും, ലേലത്തിനോ, ടെൻഡറിലോ ഏതിലാണ് കൂടുതൽ തുക വാഗ്ദാനം ചെയ്തിരിക്കുന്നത് ആ തുകയ്ക്ക് സർവ്വകലാശാലയ്ക്ക് തൃപ്തികരം എങ്കിൽ മരങ്ങളുടെ ലേലം/ടെൻഡർ ഉറപ്പിക്കുന്നതുമാണ്. അല്ലാത്ത പക്ഷം പുനർലേലമോ പുനർ ടെൻഡറോ നടത്തുന്നതാണ്. ഇക്കാര്യത്തിൽ ഓഫീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

എന്തിനുള്ള ടെൻഡർ ആണെന്ന് ടെൻഡർ നമ്പർ ഉൾപ്പെടെ കവറിന് പുറത്ത് രേഖപ്പെടുത്തേണ്ടതാണ്. ലേലം/ടെണ്ടറിൽ പങ്കെടുക്കുന്നവർ 2500/- രൂപ നിരതദ്രവ്യമായി പ്രൊഫസർ & ഹെഡ്, ULF എന്ന വിലാസത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒല്ലൂക്കര ബ്രാഞ്ചിൽ മാറാവുന്ന തരത്തിൽ ഡി ഡി ആയോ പണം അടച്ച രസീത് ആയോ ടെൻഡറിനോടൊപ്പം അടക്കം ചെയ്യേണ്ടതാണ്

ടെൻഡർ ഉറപ്പിക്കുന്ന വ്യക്തി സെക്യൂരിറ്റി ഡെപ്പോസിറ്റായി 13000/- രൂപ അടക്കേണ്ടതാണ്. ടെൻഡർ/ ലേലം ഉറപ്പിച്ചു കിട്ടുന്ന ആൾ അന്നു തന്നെ തുകയുടെ 50% ഈ ഓഫീസിൽ അടക്കേണ്ടതും ബാക്കി തുക 3 ദിവസത്തിനുള്ളിൽ അടച്ച് യൂണിവേഴ്സിറ്റിയുടെ വസ്തുവകകൾക്ക് യാതൊരുവിധ നാശനഷ്ടങ്ങളും വരുത്താതെ സ്വന്തം ഉത്തരവാദിത്വത്തിൽ 10 ദിവസത്തിനകം മരത്തടികൾ കൊണ്ടുപോകേണ്ടതുമാണ്.

200 രൂപ വിലയുള്ള മുദ്രപത്രത്തിൽ കരാറെഴുതി സമർപ്പിച്ചതിനു ശേഷമേ മരത്തടികൾ മുറിച്ച് കൊണ്ടുപോകുവാൻ അനുവദിക്കുകയുള്ളു. ലേലം/ടെൻഡർ ലഭിക്കുന്നവർ മൊത്തം വിൽപ്പന തുക കൂടാതെ വന വികസന നികുതി, ജി.എസ്.ടി എന്നിവ അടക്കാൻ ബാധ്യസ്ഥരാണ്. നിശ്ചിത ദിവസത്തിനകം മുഴുവൻ തുകയും അടയ്ക്കാത്തവരുടെ നിരതദ്രവ്യം സർവ്വകലാശാല ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതാണ്. ടെൻഡർ/ലേലം സ്വീകരിക്കുവാനും നിരാകരിക്കുവാനുമുള്ള അവകാശം ഫാം മേധാവിയിൽ നിക്ഷിപ്തമായിരിക്കും.

മറ്റ് സർക്കാർ ടെൻഡറുകൾക്ക് ബാധകമായ വ്യവസ്ഥകൾ ഈ ടെൻഡറിനും ബാധകമാണ്. നിയമാനുസൃതമായി അടയ്ക്കേണ്ട ആദായ നികുതി (2.5%) കൂടി ലേലക്കാരൻ അടയ്ക്കേണ്ടതാണ്. ഇതിനായി പാൻ കാർഡിന്റെ പകർപ്പ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ലേലത്തുകയുടെ 5% നികുതി ഈടാക്കുന്നതാണ്.

ഒപ്പ്

പ്രൊഫസർ & ഹെഡ്

സ്വീകർത്താവ്: എല്ലാ നോട്ടീസ് ബോർഡുകളും/ഡി.ഇ, പൂക്കോട്.

പകർപ്പ്: തൃശ്ശൂർ കോർപ്പറേഷൻ സോണൽ ഓഫീസ്, ഒല്ലൂക്കര/വില്ലേജ് ഓഫീസ് ഒല്ലൂക്കര./

സീനിയർ ഫാം സൂപ്പർവൈസർ.

//അംഗീകാരത്തോടെ അയക്കുന്നത്//

സെക്ഷൻ ഓഫീസർ